**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 888** **06-10-2021 - ൽ മറുപടിയ്ക്ക്**

**വനമേഖലകളിൽ താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മണിമല, പൊന്തൻപുഴ, കോട്ടാങ്ങൽ, മേലേക്കവല ഭാഗങ്ങളിൽ വനമേഖലയ്ക്ക് സമീപം താമസിക്കുന്നവർക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പട്ടയം ലഭിക്കുന്നതിനായി നിലവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | മേൽ സ്ഥലങ്ങൾ റാന്നി, കോട്ടയം വനം ഡിവിഷന്റെ വനമേഖലയിൽ ഉൾപ്പെട്ടുവരുന്ന ഭാഗങ്ങളാണ്. റാന്നി ഡിവിഷന്റെ പരിധിയിൽ വരുന്ന പൊന്തൻപുഴ വനമേഖലയിൽ 01.01.1977 ന് മുമ്പായി വനഭൂമി കയ്യേറിയതായി വനം-റവന്യൂ വകുപ്പുകൾ സംയുക്ത പരിശോധനയിൽ കണ്ടെത്തിയ പെരുമ്പട്ടി വില്ലേജിലെ സർവ്വേ നമ്പർ 283/1-എ -യിൽപ്പെട്ട 01.01.1977 ന് മുമ്പ് വനം കയ്യേറ്റം നടത്തി സംയുക്ത പരിശോധന ലിസ്റ്റിലുൾപ്പെട്ട 414 കുടുംബങ്ങളുടെ കൈവശമുള്ള 104.73 ഹെക്ടർ വനഭൂമി ക്രമീകരിച്ച് പട്ടയം നൽകുന്നതിനുള്ള പ്രൊപ്പോസൽ 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് അനുസരിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ പ്രതിനിധികൾ 01.01.1977 -നു മുമ്പുള്ള കയ്യേറ്റ പ്രദേശങ്ങൾ 15.01.2021, 16.01.2021 തീയതികളിലായി സന്ദർശിച്ചിട്ടുള്ളതുമാണ്. പട്ടയം ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് റവന്യൂ വകുപ്പാണ്. കോട്ടയം ഡിവിഷന്റെ പരിധിയിൽ വരുന്ന മണിമല പൊന്തൻപുഴ വനമേഖലയിൽ 01.01.1977 ന് മുമ്പായി വനഭൂമി കയ്യേറിയതായി വനം-റവന്യൂ വകുപ്പുകൾ നടത്തിയ സംയുക്ത പരിശോധനയിൽ കണ്ടെത്തിയ സ്ഥലങ്ങളിലെ ബന്ധപ്പെട്ട കൈവശക്കാർക്ക് പട്ടയം നൽകുന്നത് തടഞ്ഞ് ബഹു. ഹൈക്കോടതി ഉത്തരവ് നിലവിലുണ്ട്. |
| (ബി) | പൊന്തൻപുഴ വനമേഖലയിലെ ചില പ്രദേശങ്ങളുടെ അവകാശവുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത കേസിന്റെ നിലവിലെ അവസ്ഥയെന്താണെന്ന് വിശദമാക്കാമോ; | (ബി) | പൊന്തൻപുഴ മേഖലയുമായി വരുന്ന വലിയകാവ് റിസർവ്വിന്റെ അവകാശവാദവുമായി ബന്ധപ്പെട്ട് ശ്രീമതി. രാജമ്മ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 890/2013 നമ്പർ കേസ് ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. കൂടാതെ MSA 1/1981 നമ്പർ |

| | | | |
|---|---|---|---|
| | | | കേസിൽ ബഹു. കേരള ഹൈക്കോടതി 10.01.2018 ൽ പുറപ്പെടുവിച്ച വിധിക്കെതിരെ സർക്കാർ ബഹു. സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള SLP 2291/19 നമ്പർ കേസിൽ 03.07.2019 തീയതിയായി statusquo ഉത്തരവായിട്ടുള്ളതാണ്. |
| (സി) | പൂർണമായും വനമേഖലയിലുള്ള പ്രസ്തുത സ്ഥലം സംബന്ധിച്ച കേസും നൂറ് വർഷത്തിലധികമായി ജനങ്ങൾ വീട് കെട്ടി താമസിക്കുന്ന മറ്റ് മേഖലകളിലെ പട്ടയം അപേക്ഷയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കേസ് പട്ടയം നൽകുന്നതിന് തടസം സൃഷ്ടിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | വലിയകാവ് റിസർവ്വ് വന മേഖലയിൽപ്പെട്ട സ്ഥലങ്ങളിലെ പട്ടയം നൽകുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ മുമ്പാകെയുള്ള പ്രൊപ്പോസലിന്മേലുള്ള അനുമതിയുടെയും ബഹു. കോടതികളുടെ മുമ്പാകെയുള്ള വിവിധ കേസുകളുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമേ അന്തിമ തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ. |
| (ഡി) | ജനവാസ മേഖലകളിലുള്ളവരുടെ അപേക്ഷ പരിഗണിച്ച് പട്ടയം ലഭ്യമാക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്താമോ? | (ഡി) | 06.08.2021 ന് വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനം അനുസരിച്ച് പത്തനംതിട്ട ജില്ലയിലെ 01.01.1977 ന മുമ്പ് വനഭൂമി കയ്യേറിയവരുടെ പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന്റെ പരിഗണനയിലിരിക്കുന്ന പ്രൊപ്പോസലിന്മേലുള്ള നടപടികൾ അടിയന്തരമായി പൂർത്തിയാക്കുവാൻ വനം വകുപ്പിൽ നിന്നും നടപടി സ്വീകരിച്ചിട്ടുണ്ട്. വനഭൂമിക്ക് പുറത്തുള്ളവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് റവന്യൂ വകുപ്പാണ്. |

സെക്ഷൻ ഓഫീസർ